## 828

യേശു എന്നാശ്രയമാം ക്രിസ്തേശു എന്നാശ്രയമാം
അവനനുഗ്രഹകരങ്ങൾ നീട്ടിയെന്നെത്തൻ അരികിലണച്ചിടുന്നു

1 ദാഹത്തെപ്പെരുക്കും ജലമല്ലോ-ഇഹലോകം കൊടുക്കും സുഖമെല്ലാം
സ്നേഹത്തിന്നുറവിടമേശുവത്രേയെൻ ദാഹത്തെത്തീർക്കും ജീവജലം-

2 വൈരികളെതിരായ് നിരന്നിടിലും-മമ സ്നേഹിതരെന്നെ മറന്നിടിലും
മറക്കുകിലേശു മനസ്സലിവോടെ മറച്ചിടും സ്നേഹച്ചിറകടിയിൽ-

3 ജഡത്തിലെ ശൂലം മാറാതാം-ദൈവജനത്തിനു ശോധന തീരാതാം
ബലം തരും സഹിക്കാൻ കൃപതരുമതിനാൽ
ബലഹീനതയിൽ പുകഴും ഞാൻ-

4 മന്നിതിലില്ല സ്ഥിരവാസം-നമുക്കുന്നത നാടാമവകാശം
വന്നിടുമേശു തന്നിടുമന്നു മിന്നിടും ദേഹം തന്നുടൽപോൽ- **M.E.C.**